— ആ രാത്രി -

— നിറഞ്ഞ രാത്രി -

എന്നിലാകെയും നീ നിറഞ്ഞു നിൽക്കുമ്പോൾ
ഞാൻ മറ്റെന്തിനെക്കുറിച്ച് ഓർമ്മിക്കുവാനാണ്?
ഓർമ്മകളുടെ തിരയടിക്കുമ്പോൾ
നീയെന്നിലേക്കടുക്കുകയും
നനഞ്ഞ മണൽത്തരിയായ് ഞാൻ
അവശേഷിക്കുകയും ചെയ്യുന്നു.
ഓർമ്മിക്കുമ്പോൾ നീയെന്റെ
നഷ്ട പ്രണയമാണ്.
ഓർത്തെടുക്കുമ്പോൾ എന്റെ
പ്രണയ വസന്തവും...
എങ്ങനെയാണ് നീയെന്നിലേക്ക്
കടന്നുവന്നതെന്നോർമ്മയില്ല.
പക്ഷേ നീ ഉറങ്ങിപോയ രാത്രി
ഞാനിന്നുമോർമ്മിക്കുന്നു.
നീയിപ്പോൾ അരികിലുണ്ടായിരുന്നെങ്കിൽ
നമുക്കീമഴ ഒന്നിച്ചാസ്വദിക്കാമായിരുന്നു..

പക്ഷേ...
തണുത്ത കവിതകളുടെ
മരവിച്ച വരികളിൽ നാം
ഒതുങ്ങിപ്പോവുന്നു.
അങ്ങനെ മരിച്ച കവിതകളുടെ
നിശബ്ദതയേന്തി പുലമ്പുന്ന
നിറഞ്ഞ രാത്രികൾ....!
അതിനൊരിടവേളയെന്നോണം
നീ വന്നു.....!!
പിന്നെ നിറഞ്ഞ ഒരു രാത്രിയുണ്ട്,
എന്നുമോർമ്മിക്കാൻ..
ഒരിക്കലും മറക്കാൻ കൊതിക്കാത്തത്..
എന്റെ ഇടംകഴുത്തിലെ മറുകിന് ചുറ്റും
നീ കൊത്തിവച്ച ആ പാടുണ്ടല്ലോ..,
അടയാളമായിട്ട്..
നിന്റെ രോമാവൃതമായ നെഞ്ചിൽ
മുഖം ചേർത്തുറങ്ങുമ്പോൾ,
ഞാൻ ചിന്തിച്ചതേയില്ല,
ഇനിയെന്തെന്ന് !!

നമുക്ക് മാത്രം സ്വന്തമായ ആ രാത്രിയിൽ
നാം നമ്മെ മറന്നു.
നീ നിന്നെയും ഞാൻ എന്നെയും മറന്ന്
നമ്മളായി.
ഒരു ഹൃദയവും ഒരു ശരീരവുമായി...
ആത്മാക്കൾ പ്രണയനിർഭരമായ
നിമിഷങ്ങൾ കൈമാറുമ്പോൾ,
ആ പ്രണയ മത്സ്യങ്ങൾ രതിസുഖത്തിൽ
ഞങ്ങളുടെ ചുണ്ടുകളിൽ നിശ്വാസത്തെ നിറച്ച്
കൈമാറിക്കൊണ്ടിരുന്നു.
നാഡിഞരമ്പുകൾ പരസ്പരം ഉടക്കിവലിച്ചു.
കാറ്റു പോലും മൗനം പാലിച്ച്,
നിശബ്ദഗാനം പാടിയ രാത്രി.
മഞ്ഞിന്റെ തണുപ്പിൽ
ഉടലുകൾ പിണഞ്ഞുമ്പോൾ...
കാൽവിരലുകൾ തമ്മിൽ തമാശ പറഞ്ഞ്
പൊട്ടിച്ചിരിച്ചുമ്പോൾ...

എന്നിലെ ഓരോ ഇതളുകളിലും കടന്നുചെന്ന്
അവന്റെ നേർത്ത കൊമ്പുകൊണ്ട്
എന്നിൽ ചെറു പുളകങ്ങൾ സൃഷ്ടിച്ചു.
അത്തറുപുരട്ടാഞ്ഞിട്ടും,
എന്റെ വിയർപ്പുതുള്ളികളിൽ
നിനക്ക് വെറുപ്പനുഭവപ്പെട്ടില്ല.
എന്നിലെ ഓരോ നൊമ്പരങ്ങളേയും
നീ നിന്റെ അധരങ്ങളാൽ കവർന്നെടുത്തു.
ഇത് കവിതയല്ല, നമ്മളാണ്.
നമ്മൾ നമ്മളായ് മാറിയ രാത്രിയാണ്.
നീ തന്ന ഈ രാത്രിയല്ലാതെ
ഓർമ്മിക്കുവാനായ് എനിക്ക്
മറ്റൊന്നും തന്നെയില്ല.
കാലപ്പഴക്കം ചെന്ന ക്ലാവ് പാത്രം പോലെയുള്ള
എന്റെ കണ്ണീർക്കറ വീണ കവിൾത്തടങ്ങളിൽ
ആദ്യമായ് ചുംബിച്ചത് നീയാണ്.
എന്നിലെ വസന്തത്തെ തൊട്ടുവിടർത്തിയത്
നീയാണ്....!

മുഷിഞ്ഞ വസ്ത്രങ്ങളുള്ള എന്നെ,...

എന്നെ ചേർത്തുപിടിച്ചത് നീ മാത്രമാണ്.

അങ്ങനെയുള്ള നിന്നെ,

ഞാനെങ്ങനെ മറക്കാനാണ്??

എല്ലാം അവസാനിച്ചെന്ന് നീ കരുതുന്ന

ആ രാത്രി.... ഒരു തുടക്കം മാത്രമായിരുന്നു.

ഒടുക്കം കിട്ടാത്ത, ഗതിയറിയാത്ത

ഒരു കാത്തിരിപ്പിന്റെ തുടക്കം.

നമുക്ക് മാത്രമറിയുന്ന,

എനിക്ക് മാത്രമോർമ്മയുള്ള ആ

ആ സുന്ദരയാമത്തെ

ഞാനിന്നുമോർക്കാറുണ്ട്.

ഓർമ്മിക്കുവാനായ് എന്തെങ്കിലുമെന്ന്

മാറ്റിവയ്ക്കാതെ ഒന്നും അവസാനിപ്പിച്ചുകൂട!!

ഒരിക്കലും ഒന്നിക്കില്ലെന്ന്

നമുക്ക് ആദ്യമേ തീർച്ചയായിരുന്നു,

കാരണം;

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 956 Participant Code: 109

കാരണം, നാം... രണ്ട് പുരുഷന്മാർ...

അടുത്ത ജന്മത്തിൽ

ജാതിയും മതവുമില്ലാത്ത

സ്ത്രീയും പുരുഷനുമല്ലാത്ത

രാജാവും കുടിപ്പണിക്കാരനുമല്ലാത്ത

പുഴയും മഴയും-വായ് പിറക്കാം.

മഴയായ് പെയ്തിറങ്ങുകയും

പുഴയായ് നിറഞ്ഞൊഴുകുകയും ചെയ്യണം..

എനിക്കൊരിക്കലും നിന്നെ മറക്കാൻ

സാധ്യമല്ല!!

നിന്നെ മറക്കുമ്പോൾ

ഞാൻ കൊന്നു കളയുന്നത്

എന്നിലെ എഴുത്തുകാരനെക്കൂടിയാണ്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).